LIBRARY ARCHIVES Kerala Legislative Assembly

എല്ലാ നിയോജകമണ്ഡലങ്ങളിലും വ്യവസായ പാർക്ക്

154(168) ശ്രീ. തോമസ് കെ. തോമസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കൂടുതൽ തൊഴിൽലഭ്യത ഉറപ്പാക്കാൻ എല്ലാ നിയോജക മണ്ഡലങ്ങളിലും ഓരോ വ്യവസായ പാർക്ക് ആരംഭിക്കുന്നതിന് നടപടിയുണ്ടാകുമോ; എങ്കിൽ വിവരങ്ങൾ ലഭ്യമാക്കുമോ?

വ്യവസായ വാണിജ്യ ഡയറക്ടറേറ്റിന്റെ കീഴിൽ വയനാട് ഒഴികെ എല്ലാ ജില്ലകളിലും നിലവിൽ വ്യവസായ വികസന പാർക്കുകൾ രൂപീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തെ എല്ലാ നിയോജകമണ്ഡലങ്ങളിലും വ്യവസായ പാർക്ക് രൂപീകരിക്കുന്നതുമായി ബന്ധപ്പെട്ട പദ്ധതികളൊന്നും നിലവിലില്ല. വ്യവസായ പാർക്കുകൾ സ്ഥാപിക്കുന്നതിന് വ്യാവസായിക ഭൂമിയുടെ ലഭ്യത, പാർക്ക് സ്ഥാപിക്കുന്നത് സംബന്ധിച്ച സാദ്ധ്യതാ പഠനം, സാങ്കേതികപഠനവും മാർക്കറ്റിംഗും നടത്തി അനുയോജ്യമാകുന്ന സാഹചര്യത്തിൽ മാത്രമേ ടി പദ്ധതി ആവിഷ്കരിക്കുവാൻ കഴിയൂ. കൂടാതെ സ്വകാര്യ വ്യവസായ എസ്റ്റേറ്റുകൾ/പാർക്കുകൾ ആരംഭിക്കുന്ന നയം സർക്കാർ അംഗീകരിച്ചിട്ടുണ്ട്. നഗരത്തിൽ 15 ഏക്കറും ഗ്രാമത്തിൽ 25 ഏക്കറും ഭൂമി ഇതിന് ആവശ്യമാണ്. ഇങ്ങനെ ആരംഭിക്കുന്ന പാർക്കുകളിൽ അടിസ്ഥാന സൗകര്യങ്ങൾക്കായി സർക്കാർ പിന്തുണ നൽകുന്നതാണ്. നിയോജകമണ്ഡലങ്ങളിൽ ഈ സൗകര്യവും ഉപയോഗപ്പെടുത്താവുന്നതാണ്.

(ബി) കുട്ടനാട്ടിൽ ടൂറിസം, കൃഷി എന്നിവയുമായി ബന്ധപ്പെട്ട വ്യവസായ സംരംഭങ്ങൾ കൂടുതലായി ആരംഭിക്കുന്നതിന് നടപടികൾ ഉണ്ടാകുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

കേന്ദ്രാവിഷ്കൃത പദ്ധതിയായ പി.എം.എഫ്.എം.ഇ. പ്രകാരം ആലപ്പുഴ ജില്ലയുടെ ഉൽപ്പന്നമായി തെരഞ്ഞെടുത്തിരിക്കുന്നത് അരി ഉൽപ്പന്നങ്ങളെയാണ്. ടി പദ്ധതി പ്രകാരം സംരംഭം തുടങ്ങുവാൻ താൽപ്പര്യമുള്ള വ്യക്തികളെ കണ്ടെത്തി അവർക്കുവേണ്ട കൈത്താങ്ങ് സഹായങ്ങൾ ചെയ്യുന്നതിന് ജില്ലാ വ്യവസായ കേന്ദ്രം വഴിയും താലൂക്ക് വ്യവസായ ഓഫീസ് വഴിയും നടപടികൾ സ്വീകരിച്ചു വരുന്നു. കുട്ടനാട്ടിൽ നെൽക്കർഷകരുടെ ഉന്നമനം ലക്ഷ്യമാക്കി ഈ മേഖലയുടെ മൂല്യവർദ്ധനയ്ക്കായി ഒരു റൈസ് ടെക്നോളജി പാർക്ക് സ്ഥാപിക്കുന്നതിനുള്ള നടപടികൾ കിൻഫ്ര ആരംഭിച്ചിട്ടുണ്ട്. ഇതിന് സർക്കാർ ഭരണാനുമതിയും നൽകിയിട്ടുണ്ട്.